പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1046 — 08.01.2014-ൽ മറുപടിക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ - ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ . കെ.ടി.ജലീൽ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്നു വ്യതിചലിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : എല്ലാ വർഷവും ആ സീസണിൽ ഫെസ്റ്റിവൽ എന്ന കാഴ്ചപ്പാട് തുടക്കം മുതലേ ഉണ്ടായിരുന്നുവോ; ഈ വർഷം അത് മാറിയത് എന്തുകൊണ്ടാണ് : | എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ വർഷവും ഡിസംബർ, ജനവരി മാസങ്ങളിലാണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത് ഈ വർഷം ഉദ്ഘാടനം വൈകിയതിനാൽ ഫെബ്രുവരി 5 വരെ നീട്ടിയിട്ടുണ്ട് സീസൺ മാറ്റിയിട്ടില്ല. |
| ബി) | വാറ്റ് രജിസ്ട്രേഷനുള്ള എത്ര കച്ചവടക്കാരുണ്ട് : അവരിൽ എത്ര ശതമാനം പേർ ജി.കെ.എസ്.എഫിൽ പങ്കെടുക്കുന്നുണ്ട് : ബില്ല് നല്കാതെ വിപണനം നടത്തുന്നവർക്ക് ജി.കെ.എസ്.എഫിൽ അംഗത്വം നല്കിയിട്ടുണ്ടോ : ഇത് ജി.കെ.എസ്.എഫിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധവും കൂപ്പൺ വില്പന ഏറ്റെടുത്ത ഏജൻസിക്ക് സഹായകരവുമാണോ : | ബി) | വാറ്റ് രജിസ്ട്രേഷനുള്ള കച്ചവടക്കാരെ മാത്രമല്ല ജി.കെ.എസ്.എഫിൽ അംഗമാക്കുന്നത്. ആയതിനാൽ വാറ്റ് രജിസ്ട്രേഷനുള്ള എത്ര കച്ചവടക്കാരുണ്ടെന്ന് പ്രത്യേകം കണക്കാക്കിയിട്ടില്ല. ഓണം കഴിഞ്ഞാൽ രണ്ടാമതൊരു ഷോപ്പിംഗ് സീസൺ കേരളത്തിൽ പ്രാവർത്തികമാക്കാനുള്ള ഉദ്ദേശ്യലക്ഷ്യമാണ് ജി.കെ.എസ്.എഫിനുള്ളത്. ഇതിന് സഹായകരമാകുന്ന രീതിയിലാണ് രജിസ്ട്രേഷൻ സൗജന്യമാക്കിയതും കൂപ്പൺ വില കുറച്ചതും. ഇതു മൂലം കൂടുതൽ വ്യാപാരസ്ഥാപനങ്ങളുടെയും ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നത് ജി.കെ.എസ്.എഫിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമല്ല. കൂടുതൽ കൂപ്പൺ വില്പന നടത്തുന്നത്കൊണ്ടുള്ള നേട്ടം ജി.കെ.എസ്.എഫിനാണ്. |
| സി) | സംസ്ഥാനത്തിന്റെ പ്രത്യേക ഉല്പന്നങ്ങൾ വിറ്റഴിക്കാൻ തുടക്കം മുതലേ നടത്തിവന്നിരുന്ന ജില്ലാടിസ്ഥാനത്തിലുള്ള വിപണന മേളകൾ ഈ വർഷം നടത്തുകയുണ്ടായോ : പ്രസ്തുത നടപടികൾ ജി.കെ.എസ്.എഫിന്റെ | സി) | സംസ്ഥാനത്തിന്റെ പ്രത്യേക ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കേരളത്തിലെ ഷോപ്പുകളെ ജി.കെ.എസ്.എഫിൽ അംഗങ്ങളാക്കി വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഇങ്ങനെയുള്ള ചെറിയ സംരംഭകരെ ഉദ്ദേശിച്ചാണ് രജിസ്ട്രേഷൻ സൗജന്യമാക്കിയത്. സമ്മാനങ്ങൾ ആകർഷണമാക്കി കൂപ്പൺ വില കുറച്ചതുമൂലം കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന |

ഉദ്ദേശലക്ഷ്യങ്ങളിൽ നിന്നുള്ള
വ്യതിചലനമാണോ എന്നറിയാമോ?

സ്ഥാപനങ്ങൾക്ക് സി.കെ. എസ്.എഫ്.എ.യിൽ
പങ്കാളിത്തമായാൽ അവരുടെ ഉൽപ്പന്നങ്ങൾ കൂടുതൽ
വിറ്റഴിക്കപ്പെടുന്നതാണ്. ആയതിനാൽ
ടി.കെ എസ്.എഫ്.എ.യിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ
വ്യതിചലനം ഉണ്ടായിട്ടില്ല. വിപണനമേളകളെ കുറിച്ച്
വ്യാപാരിസംഘടനകൾ തന്നെ പരാതിപ്പെട്ടിട്ടുണ്ട്.
മേളകൾ കേന്ദ്രീകരിച്ച് കച്ചവടം നടക്കുന്നതിനാൽ
സ്ഥാപനങ്ങളിൽ കച്ചവടം കുറയുന്നുവെന്നും
അതിനാൽ വിപണനമേളകൾ ഒഴിവാക്കണമെന്നും
അഭിപ്രായപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ